"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

തൊഴിലും നൈപുണ്യവും വകുപ്പ് - നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് - റദ്ദായ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ പുതുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (ജി) വകുപ്പ്**

സ.ഉ.(സാധാ) നം.572/2022/LBR    തീയതി,തിരുവനന്തപുരം, 10-05-2022

---

പരാമർശം:-

1. 15/02/2022 ലെ സ.ഉ (സാധാ) നം. 173/2022/തൊഴിൽ നമ്പർ സർക്കാർ ഉത്തരവ്.
2. എംപ്ലോയ്മെന്റ് ഡയറക്ടറുടെ 20/04/2022 തീയതിയിലെ ഡി.ഇ/1418/2022-ക്യു1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

01/01/2000 മുതൽ 31/08/2021 വരെയുള്ള കാലയളവിൽ വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷ്ടപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അവരുടെ തനത് സീനിയോറിറ്റി നിലനിർത്തിക്കൊണ്ട് രജിസ്ട്രേഷൻ പുതുക്കുന്നതിന് 15/02/2022 മുതൽ 30/04/2022 വരെ സമയം അനുവദിച്ച് കൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) സർക്കാരിന്റെ ഒന്നാം വാർഷിക പരിപാടിയോടനുബന്ധിച്ച 'എന്റെ കേരളം ' പ്രദർശന വിപണനമേളയിൽ, എംപ്ലോയ്മെന്റ് വകുപ്പിന്റെ സേവനം ജനങ്ങൾക്ക് നേരിട്ട് ലഭ്യമാക്കുന്ന സാഹചര്യം സംജാതമാക്കുന്നതിലേക്കായി പരാമർശം (1) പ്രകാരമുള്ള ഉത്തരവിന്റെ സമയ പരിധി 31/05/2022 വരെ നീട്ടി നൽകണമെന്ന് പരാമർശം 2 പ്രകാരം എംപ്ലോയ്മെന്റ് ഡയറക്ടർ അഭ്യർഥിക്കുകയുണ്ടായി.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. എംപ്ലോയ്മെന്റ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ **01/01/2000** മുതൽ **31/03/2022** വരെയുള്ള കാലയളവിൽ വിവിധ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ സീനിയോറിറ്റി നഷടപ്പെട്ടവർക്ക് അവരുടെ തനതു സീനിയോറിറ്റി നിലനിർത്തികൊണ്ട് രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിന് 2022 മെയ് 31 വരെ സമയം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) ഈ കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ എംപ്ലോയ്മെന്റ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHAINU V
അണ്ടർ സെക്രട്ടറി

എംപ്ലോയ്മെന്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് (വിവിധ പത്ര, ദൃശ്യ, ശ്രാവ്യ മാധ്യമങ്ങൾ വഴി പൊതുജനങ്ങളെ അറിയിക്കേണ്ടതാണ്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Kavitha I
Date: 10-05-2022 12:29:10
സെക്ഷൻ ഓഫീസർ